## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.1703 — 04/12/2015-ൽ മറുപടിയ്ക്ക്

### സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനിലെ നിയമനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി | ശ്രീ. കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ ക്ലാസ്-ഫോർ ഗ്രേഡ്-2 തസ്തികയിലേക്ക് നിയമനം നടത്താൻ കോർപ്പറേഷൻ പരീക്ഷയും ഇന്റർവ്യൂവും നടത്തിയിരുന്നുവോ; | എ) നടത്തിയിരുന്നു. |
| ബി) പരീക്ഷയും ഇന്റർവ്യൂവും കോർപ്പറേഷന്റെ നേരിട്ടുള്ള മേൽനോട്ടത്തിലായിരുന്നോ നടത്തിയതെന്ന് അറിയിക്കാമോ; | ബി) പരീക്ഷ നടത്തുവാൻ കിറ്റ്കോ ലിമിറ്റഡ് എന്ന സ്ഥാപനത്തെയാണ് ചുമതലപ്പെടുത്തിയിരുന്നത്. ഇന്റർവ്യൂ കോർപ്പറേഷൻ നേരിട്ടാണ് നടത്തിയത്. |
| സി) പരീക്ഷയ്ക്കും ഇന്റർവ്യൂവിനും മാർക്ക് നിശ്ചയിച്ചതിന്റെ മാനദണ്ഡം എന്തായിരുന്നു; ഇത് പി.എസ്.സി.യിൽ അനുവർത്തിച്ചുവരുന്ന മാനദണ്ഡം തന്നെയായിരുന്നോ; ഇല്ലെങ്കിൽ മാറ്റം വരുത്താൻ കാരണമെന്താണ്; | സി) വെയർഹൗസിംഗ് കോർപ്പറേഷനിലെ നിയമനങ്ങൾ പി.എസ്.സി മുഖേനയല്ല നടത്തുന്നത്. കോർപ്പറേഷന്റെ സ്റ്റാഫ് റഗുലേഷനിലെ വ്യവസ്ഥകൾ അനുസരിച്ചാണ് നിയമനങ്ങൾ നടത്തുന്നത്. അതനുസരിച്ച് കോർപ്പറേഷൻ ഭരണസമിതിയാണ് മാർക്ക് സംബന്ധിച്ച മാനദണ്ഡം നിശ്ചയിച്ചത്. |
| ഡി) ഈ നിയമനങ്ങളിൽ അഴിമതി നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ? | ഡി) നിയമനങ്ങളിൽ അഴിമതി നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

1/12

സെക്ഷൻ ഓഫീസർ